ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.05.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) രാജ്യത്തെ 36 ഇടങ്ങളിൽ പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണ ശ്രമം ഇന്ത്യ ചെറുത്തതായി വിദേശകാര്യ മന്ത്രാലയം, പാകിസ്ഥാൻ ലക്ഷ്യമിട്ടത് നഗരങ്ങളേയും സൈനിക സംവിധാനങ്ങളേയും.

   **India Foils Pakistan's Attempted Air Strikes at 36 Locations, Says Foreign Ministry; Cities and Military Installations Were Targeted.**

2) രാജ്യത്തെ സുരക്ഷാ സാഹചര്യവും സേനയുടെ പ്രവർത്തനവും വിലയിരുത്താൻ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് ഉന്നതതല യോഗം വിളിച്ചു. അതിർത്തി സംസ്ഥാനങ്ങളിൽ സുരക്ഷ കർശനമാക്കി.

   **Defence Minister Rajnath Singh Convenes High-Level Meeting to Review National Security and Military Operations; Border Security Tightened.**

3) ഇന്ത്യയ്ക്ക് പിന്തുണ പ്രഖ്യാപിച്ച് അന്താരാഷ്ട്ര സമൂഹം. അമേരിക്ക, യുകെ, ഇസ്രയേൽ, അടക്കമുള്ള രാജ്യങ്ങൾ ഇന്ത്യയ്ക്ക് പിന്തുണ അറിയിച്ചു.

   **International Community Expresses Support for India; US, UK, Israel Among Supporting Nations.**

4) മലപ്പുറത്ത് നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്. സമ്പർക്ക പട്ടികയിൽപ്പെട്ട ആറ് പേരുടെ പരിശോധനാ ഫലം നെഗറ്റീവ്.

**Health Department Tightens Vigilance After Nipah Confirmed in Malappuram; Test Results of Six Contacts Negative.**

5) **സുരക്ഷാ കാരണങ്ങൾ കണക്കിലെടുത്ത് ഐപിഎൽ മത്സരങ്ങൾ ഒരാഴ്ചത്തേക്ക് നിർത്തിവച്ചതായി ബിസിസിഐ.**

**IPL Matches Suspended for a Week Due to Security Concerns, Announces BCCI**

*****************

## MEA –SPL BRIEFING (INTRO)

രാജ്യത്തെ 36 ഇടങ്ങളിൽ 400 ഓളം ഡ്രോണുകൾ ഉപയോഗിച്ച് പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണ ശ്രമം ഇന്ത്യൻ സേന ചെറുത്തതായി വിദേശകാര്യ മന്ത്രാലയം. ലേ മുതൽ സർ ക്രീക്ക് വരെയുള്ള ഇടങ്ങളിലാണ് പാകിസ്ഥാൻ ഡ്രോൺ ആക്രമണം നടത്തിയത്. ഡ്രോണുകൾ ഇന്ത്യൻ സേന വെടിവയ്ച്ചിട്ടതായി വിദേശകാര്യമന്ത്രാലയവും സൈനികവൃത്തങ്ങളും ന്യൂഡൽഹിയിൽ നടത്തിയ സംയുക്ത വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. ഇന്ത്യയുടെ പടിഞ്ഞാറൻ അതിർത്തിയിൽ പലതവണ പാകിസ്ഥാൻ വ്യോമപാത ലംഘിച്ചതായും സേനാ അടിസ്ഥാന സൗകര്യങ്ങളെ ലക്ഷ്യമിട്ടായിരുന്നു നീക്കമെന്നും കേണൽ സൊഫീയ ഖുറേഷി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഡ്രോണുകളിൽ നടത്തിയ ഫോറൻസിക് പരിശോധനയിൽ അവ തുർക്കിഷ് ഡ്രോണുകളാണെന്ന് പ്രാഥമിക റിപ്പോർട്ടുകളുണ്ടെന്നും അവർ പറഞ്ഞു. ആക്രമണത്തിന് മറുപടിയായി പാകിസ്ഥാനിലെ നാല് പ്രതിരോധ മേഖലകളിൽ ഇന്ത്യ ഡ്രോൺ ആക്രമണം നടത്തിയതായി വിങ് കമാൻഡർ വ്യോമികാ സിങ് അറിയിച്ചു. ഒരു ഡ്രോണിന് പാകിസ്ഥാൻറെ വ്യോമ പ്രതിരോധ റഡാർ തകർക്കാൻ സാധിച്ചതായും വിങ് കമാൻഡർ വ്യക്തമാക്കി.

**(ഹോൾഡ് വോയ്സ്.......)**

ഇന്ത്യൻ നഗരങ്ങളെയും, സൈനിക സംവിധാനങ്ങളെയും, ജനവാസകേന്ദ്രങ്ങളെയും ലക്ഷ്യമിട്ടാണ് പാകിസ്ഥാൻ ഇന്നലെ ആക്രമണം നടത്തിയതെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി പറഞ്ഞു. കൃത്യമായ തിരിച്ചടിയാണ് ഇന്ത്യൻ സേന പാകിസ്ഥാന് നൽകിയതെന്നും. ആക്രമണത്തിൻറെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിന് പകരം ഇന്ത്യക്ക് മേൽ പഴി ചാരാനാണ് പാകിസ്ഥാൻ ശ്രമിക്കുന്നതെന്നും അദ്ദേഹം സംയുക്ത വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.
(ഹോൾഡ് വോയ്സ്.......)

*****************

## REV. DAY PAK MISSILES – JAMMU

ജമ്മു കശ്മീരിലെ സത്വാരി, സാംബ, ആർഎസ് പുര, അർനിയ എന്നിവിടങ്ങളിലേക്ക് പാകിസ്ഥാൻ ഉതിർത്ത എട്ട് മിസൈലുകൾ ഇന്നലെ ഇന്ത്യയുടെ വ്യോമ പ്രതിരോധ സംവിധാനം നിർവീര്യമാക്കി. അതിനിടെ സാംബയിലെ നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ നടത്തിയ നുഴഞ്ഞുകയറ്റ ശ്രമങ്ങളും അതിർത്തി സംരക്ഷണ സേന പരാജയപ്പെടുത്തി. നുഴഞ്ഞു കയറാൻ ശ്രമിച്ച ഏഴ് ഭീകരരെ ബിഎസ്എഫ് വധിച്ചു. പഹൽഗാം ഭീകരാക്രമണമാണ് സൈനിക നടപടിയിലേക്ക് നയിച്ചതെന്നും, പാക് പ്രകോപനങ്ങളോട് പ്രതികരിക്കുക മാത്രമാണ് ഇന്ത്യ ചെയ്യുതെന്നും കേന്ദ്രസർക്കാർ നിലപാട് ആവർത്തിച്ചു.

*****************

## DEFENCE-HOME MEETING

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു .സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ, മൂന്നു സേനാവിഭാഗങ്ങളുടെയും മേധാവിമാർ ,പ്രതിരോധ സെക്രട്ടറി ആർ കെ സിംഗ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.ഇന്ത്യൻ സായുധ സേനയുടെ പ്രവർത്തന തയ്യാറെടുപ്പും പടിഞ്ഞാറൻ അതിർത്തിയിലെ സുരക്ഷാ സാഹചര്യവും യോഗത്തിൽ അവലോകനം ചെയ്യു . അതേസമയം, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ , ബി എസ്സ് എഫ് , സി ഐ എസ് എഫ് , ബ്യൂറോ

ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി എന്നിവയുടെ ഡയറക്ടർ ജനറൽമാരുമായി കൂടിക്കാഴ്ച നടത്തി.

*****************

## CENTRE-TERRITORIAL ARMY

കരസേനയെ പിന്തുണയ്ക്കുന്നതിന് ടെറിട്ടോറിയൽ ആർമിയിലെ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിക്കാൻ കരസേനാ മേധാവിയെ അധികാരപ്പെടുത്തി കേന്ദ്ര സർക്കാർ. സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിനുൾപ്പെടെ സഹായം തേടാവുന്നതാണ് . ടെറിട്ടോറിയൽ ആർമിയുടെ നിലവിലുള്ള 32 ഇൻഫന്ററി ബറ്റാലിയനുകളിൽ നിന്ന് 14 ഇൻഫന്ററി ബറ്റാലിയനുകളെ ഉൾപ്പെടുത്തിയാണ് ഇത് സംബന്ധിച്ച വിജ്ഞാപനം പ്രതിരോധ മന്ത്രാലയം പുറത്തിറക്കിയത് . ഈ ഉത്തരവിന് മൂന്ന് വർഷത്തേക്ക് പ്രാബല്യമുണ്ടാകും.

*****************

## INDIA- WORLD SUPPORT

ഇന്ത്യയ്ക്ക് പിന്തുണയുമായി അന്താരാഷ്ട്ര സമൂഹം. അമേരിക്ക, യുകെ, ഇസ്രയേൽ, സൗദി അറേബ്യ, ഖത്തർ, യുഎഇ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ഇന്ത്യയ്ക്ക് പിന്തുണ അറിയിച്ചു. യൂറോപ്യൻ യൂണിയനും 27 അംഗരാജ്യങ്ങളും ഇന്ത്യയെ പിന്തുണയ്ച്ചു.

*****************

## Rajastan Gujarat

രാജസ്ഥാൻ, ഗുജറാത്ത് തുടങ്ങിയ അതിർത്തി സംസ്ഥാനങ്ങളിലും കർശന ജാഗ്രത തുടരുകയാണ്. പാകിസ്ഥാൻെറ ആക്രമണ ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ രാജസ്ഥാനിലെ വിവിധ നഗരങ്ങളിൽ ഇന്നലെ രാത്രി ബ്ലാക്ക് ഔട്ട് പ്രഖ്യാപിച്ചിരുന്നു. ഗുജറാത്ത് അതിർത്തിയിലെ സുരക്ഷാ സ്ഥിതിഗതികൾ സംസ്ഥാന സർക്കാർ ഉന്നതതലയോഗം ചേർന്ന് വിലയിരുത്തി. കച്ച്, പത്താൻ, ബനസ്കന്ദ മേഖലയിൽ ജാഗ്രത കർശനമാക്കിയിട്ടുണ്ട്.

*****************

## Punjab – Present –Situation

പഞ്ചാബിലെ സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ഇന്ന് മന്ത്രിസഭാ യോഗം വിളിച്ചു. ഒൻപത് ആൻറി-ഡ്രോൺ സംവിധാനങ്ങൾ വാങ്ങി ബിഎസ്എഫുമായി ചേർന്ന് അതിർത്തി ജില്ലകളിൽ വിന്യസിക്കാൻ തീരുമാനിച്ചതായി പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാൻ പറഞ്ഞു. മന്ത്രിസഭായോഗത്തിൽ ആശുപത്രികളുടെയും അഗ്നിരക്ഷാ സേനയുടെയും തയ്യാറെടുപ്പുകളും വിലയിരുത്തി. അനിഷ്ട സംഭവങ്ങൾ നേരിടുന്നതിന് ആറ് അതിർത്തി ജില്ലകളുടെ ചുമതല വിവിധ മന്ത്രിമാർക്ക് നൽകാനും യോഗത്തിൽ തീരുമാനമായി.

*****************

## HEALTH – MEETING

കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ ആരോഗ്യ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ഇന്ന് ഉന്നതതല യോഗം ചേർന്നു. അടിയന്തര ആരോഗ്യ സംവിധാനങ്ങളുടെ തയ്യാറെടുപ്പ് ന്യൂഡൽഹിയിൽ നടന്ന യോഗത്തിൽ, അവലോകനം ചെയ്തു. അവശ്യ മരുന്നുകളുടെ ലഭ്യത, മതിയായ രക്തം, ഓക്സിജൻ, ട്രോമ കെയർ കിറ്റുകൾ എന്നിവ ഉറപ്പാക്കാൻ ആശുപത്രികൾക്കും മെഡിക്കൽ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. രാജ്യത്തെ ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും സൈബർ സുരക്ഷ മുന്നൊരുക്കം സംബന്ധിച്ച് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമനും ഇന്ന് യോഗം വിളിച്ചു.രാജ്യത്ത് എടിഎമ്മുകളും, ഡിജിറ്റൽ പണമിടപാട് സംവിധാനങ്ങളും പൂർണമായും പ്രവർത്തനസജ്ജമാണെന്ന് പൊതുമേഖലാ ബാങ്കുകൾ വ്യക്തമാക്കി. മതിയായ ഇന്ധന ശേഖരം രാജ്യത്തുണ്ടെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനും അറിയിച്ചു.

*****************

## PIB FACT CHECK

മൂന്ന് ഇന്ത്യൻ ജെറ്റ് വിമാനങ്ങൾ കശ്മീരിൽ തകർന്നു വീണെന്ന തരത്തിൽ ചില മാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന ചിത്രം

വ്യാജമാണെന്ന് പി ഐ ബി ഫാക്ട് ചെക്ക് വിഭാഗം. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ആസൂത്രിത ശ്രമങ്ങളുടെ ഭാഗമാണിതെന്നും കേന്ദ്ര സർക്കാർ വ്യക്തമാക്കി. ഇന്ത്യയുടെ സുഖോയ്-30 വിമാനം മുസാഫർബാദിൽ വെടിവച്ചിട്ടതായി സമൂഹമാധ്യമങ്ങളിലൂടെ പാകിസ്ഥാൻ തെറ്റായ പ്രചാരണം നടത്തുന്നതായും പിഐബി അറിയിച്ചു. ഇന്ത്യൻ സൈന്യത്തിന്റെ ആധുനികവൽക്കരണത്തിനായി സർക്കാർ ഒരു ബാങ്ക് അക്കൗണ്ട് തുറന്നിട്ടുണ്ടെന്ന് അവകാശപ്പെടുന്ന ഒരു വാട്ട്സ്ആപ്പ് സന്ദേശം പ്രചരിക്കുന്നുണ്ടെന്നും ഈ അവകാശവാദം തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും പിഐബി വ്യക്തമാക്കി . ഏതെങ്കിലും തരത്തിലുള്ള തെറ്റായ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പി ഐ ബി യുടെ ഫാക്ട് ചെക് വിഭാഗത്തെ അറിയിക്കണമെന്നും നിർദ്ദേശമുണ്ട്.

*****************

## SSLC RESULT (INTRO)

സംസ്ഥാനത്ത് എസ്.എസ്എൽസി പരീക്ഷാഫലം പ്രഖ്യാപിച്ചു. വിജയശതമാനം 99.5 . നാല് ലക്ഷത്തി 27,020 വിദ്യാർത്ഥികളാണ് ഇക്കുറി എസ്എസ്എൽസി പരീക്ഷ എഴുതിയത്. ഇതിൽ 61,449 പേർ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയതായും പരീക്ഷാഫലം പ്രഖ്യാപിച്ചുകൊണ്ട് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു.
(ഹോൾഡ്)

*****************

## NIPA

മലപ്പുറത്ത് നിപ രോഗബാധിതയുടെ സമ്പർക്ക പട്ടികയിൽപ്പെട്ട ആറ് പേരുടെ പരിശോധനാ ഫലം നെഗറ്റീവായി. രോഗലക്ഷണങ്ങൾ കാണിച്ചിരുന്ന ആറ് പേരും ഹൈ റിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടവരാണ് . നിപ സ്ഥിരീകരിച്ച വളാഞ്ചേരി സ്വദേശിയായ നാല്പത്തിരണ്ടുകാരി പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ തുടരുകയാണ്. 12 കുടുംബാംഗങ്ങൾ ഉൾപ്പെടെ 49 പേരാണ് സമ്പർക്കപ്പട്ടികയിലുള്ളത് .

*****************

## BCCI SUSPENDS IPL

ഇന്ത്യൻ പ്രീമിയർ ലീഗ് മത്സരങ്ങൾ ഒരാഴ്ചത്തേക്ക് നിർത്തിവയ്ക്കുന്നതായി ബിസിസിഐ. ഇന്ത്യ– പാകിസ്ഥാൻ അതിർത്തിയിലെ സംഘർഷ സാഹചര്യങ്ങൾ പരിഗണിച്ചാണ് തീരുമാനം. പുതുക്കിയ തീയതിയും വേദിയും പിന്നീട് അറിയിക്കുമെന്നും ബിസിസിഐ അറിയിച്ചു. ഐപിഎൽ ഗവേണിങ് കൗൺസിലിൻറേതാണ് തീരുമാനം.

*****************

## SC- TAHAWWUR RANA

മുംബൈ ഭീകരാക്രമണക്കേസിലെ പ്രതി തഹവ്വൂർ റാണയെ പ്രത്യേക എൻഐഎ കോടതി ജൂൺ 6 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. ഏപ്രിൽ 28 ന് 18 ദിവസത്തെ റിമാൻഡ് അവസാനിച്ചതിനെത്തുടർന്ന് എൻഐഎ കസ്റ്റഡി നീട്ടുന്നതിനായാണ് റാണയെ കോടതിയിൽ ഹാജരാക്കിയത് .

*****************

## PM-POPE WISHES

ലിയോ പതിനാലാമൻ മാർപാപ്പക്ക് ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമാധാനം, ഐക്യം, ഐക്യദാർഢ്യം, സേവനം എന്നീ ആദർശങ്ങൾ പ്രചരിപ്പിക്കേണ്ട പ്രധാന സമയത്താണ് ലിയോ പതിനാലാമൻ മാർപാപ്പ കത്തോലിക്കാ സഭയുടെ നേതൃത്വ സ്ഥാനത്തെത്തുന്നതെന്നും ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

*****************

## world bank- INDUS WATER

സിന്ധു നദീജല കരാർ താൽക്കാലികമായി നിർത്തിവച്ചത് പരിഹരിക്കുന്നതിൽ ലോകബാങ്കിൻറെ പങ്കിനെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ഊഹപോഹങ്ങൾ തള്ളി ലോകബാങ്ക്. ഒരു സഹായി എന്ന നിലയിൽ മാത്രമാണ്

പ്രവവർത്തിക്കുന്നതെന്നും അതിനപ്പുറം ലോകബാങ്കിന്
മറ്റൊരു പങ്കുമില്ലെന്നും ലോകബാങ്ക് പ്രസിഡൻറ് വ്യക്തമാക്കി.

*****************

## KERALA POLICE

കേരളത്തിൽ പോലീസ് തലപ്പത്ത് വീണ്ടും അഴിച്ചുപണി. ഡിജിപി മനോജ് എബ്രഹാമിനെ വിജിലൻസ് ഡയറക്ടറായി നിയമിച്ചു. എഡിജിപി എംആർ അജിത് കുമാർ ആണ് പുതിയ എക്സൈസ് കമ്മീഷണർ. യോഗേഷ് ഗുപ്തയെ അഗ്നിരക്ഷാസേനാ മേധാവിയായി നിയമിച്ചു. മഹിപാൽ യാദവാണ് ക്രൈംബ്രാഞ്ച് എഡിജിപി.

*****************

*****************

*************

***